പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1541 05.12.2014 ൽ മറുപടിക്ക്

## മിഷൻ 676 ൽ ഉൾപ്പെടുത്തി സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി പദ്ധതികൾ

ചോദ്യം
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. പി.എ.മാധവൻ
ശ്രീ. അൻവർ സാദത്ത് :

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (എ) | മലയാളം അറബി സാഹിത്യോത്സവം(സാഹിത്യ അക്കാഡമി),അന്തർദ്ദേശീയ കാവ്യോത്സവം (സാഹിത്യ അക്കാഡമി),സംഗീത നാടകഅക്കാഡമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തിയേറ്റർ പദ്ധതി,കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം(ലളിതകലാ അക്കാദമി),കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി(ലളിതകലാ അക്കാദമി),14 ജില്ലകളിലും വഴിയോര ശില്പങ്ങൾ(ലളിതകലാ അക്കാദമി),കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം(ലളിതകലാ അക്കാദമി),കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക് ലോർ ഗ്രാമം(ഫോക് ലോർ അക്കാദമി), സാംസ്കാരിക നിഘണ്ടു (2 വാല്യം) , ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ), അംബേദ്കർ ഫൗണ്ടേഷൻ അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്),സർവ്വവിജ്ഞാനകോശം 8-)o വാല്യം പരിഷ്കരിച്ചതിന്റെ പ്രസിദ്ധീകരണം(സർവ്വവിജ്ഞാന കോശ ഇൻസ്റ്റിട്യൂട്ട്),വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് |

| | | | |
|---|---|---|---|
| | | | സേർച്ചിലൂടെ വിക്കി പീഡിയ മോഡലിൽ ലഭ്യമാകുന്ന പദ്ധതി(സർവ്വവിജ്ഞാന കോശ ഇൻസ്റ്റിട്യൂട്ട്), കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി, കേരള കലാമണ്ഡലത്തിന്റെ രംഗകലാ മ്യൂസിയം പണി പൂർത്തീകരണം, മലയാളം മിഷൻ മുഖേന കേരളത്തിനു പുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും, സാമ്പത്തികസഹായം നൽകുന്നതിനുമുള്ള നടപടി, മലയാളം മിഷൻ മുഖേന പുതിയതായി ഇന്ത്യയ്ക്കകത്തും പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി,ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പുരാവസ്തു വകുപ്പ് മുഖേന 7 ജില്ലാ തല പൈതൃകമ്യൂസിയങ്ങളുടെ പൂർത്തീകരണം,കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ(പുരാവസ്തു വകുപ്പ്), മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം(പുരാരേഖ വകുപ്പ് ) വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ (പുരാരേഖ വകുപ്പ്),തിരുവനന്തപുരത്തെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം(പുരാരേഖ വകുപ്പ്), ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളീയ കലകൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ, വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധിപ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി(പുരാരേഖാ വകുപ്പ്), തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരണം, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വീടും സ്ഥലവും ഏറ്റെടുത്ത് സംരക്ഷിച്ച് സ്മാരകമാക്കുന്ന പദ്ധതി(പുരാവസ്തു വകുപ്പ്) എന്നീ പദ്ധതികളാണ് മിഷൻ 676 ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) & (സി) | മിഷൻ 676 ലൂടെ താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1) മലയാളം അറബി സാഹിത്യോത്സവം<br><br>2)കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം നിർമ്മാണം<br><br>3)കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി നിർമ്മാണം<br><br>4)സാംസ്കാരിക നിഘണ്ടു (2 വാല്യം) , ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം<br><br>5)നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്<br><br>6)മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ<br><br>7)മഹാരാഷ്ട്രയിലെ പൂനയിൽ 6/9/14 ൽ കേരളോത്സവം സംഘടിപ്പിച്ചു.<br><br>മറ്റു പദ്ധതികളുടെ രൂപരേഖ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തയാറാക്കിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുകയുമാണ്. |
| (സി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | | |

Saradadevi

സെക്ഷൻ ഓഫീസർ